**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4305** **18-03-2025 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) |

(എ) സൂക്ഷ്മ -ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് ഇനത്തിൽ (2851-00-102-07 ബജറ്റ് ശീർഷകം) 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(എ) എം.എസ്.എം.ഇ.കൾക്ക് ഉള്ള സർക്കാർ സ്പെഷ്യൽ പാക്കേജ് പ്രകാരമുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 'നിലവിലുള്ള എം.എസ്.എം.ഇ.കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി', 2851-00-102-07 (01).

2. Assistance for Export promotion of existing MSMEs - 2851-00-102-07 (02)
3. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി 2851-00-102-07 (03)

4. 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' 2851-00-102-07-(04),

5. Establishment of Local Market Infrastructure for MSMEs - 2851-00-102-07 (05)

6. 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' 2851-00-102-07 (06) എന്നീ പദ്ധതികൾ ആണ് വിഭാവനം ചെയ്തിരിക്കുന്നത്.

**'നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി' (2851-00-102-07-01)**

പദ്ധതിപ്രകാരം തുക ചെലവഴിച്ചിട്ടില്ല. ആയതിനു കാരണം, പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള സംരംഭകരെ കണ്ടെത്തുകയാണ് ആദ്യഘട്ടം ആയി പൂർത്തീകരിക്കേണ്ടത്. ഇത് പ്രകാരം തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് ആണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന "പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നൽകുന്ന ആനുകൂല്യം", "സ്ഥിര മൂലധന നിക്ഷേപത്തിനുള്ള സഹായം", "പ്രവർത്തന മൂലധനത്തിനുള്ള സഹായം" എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയുക. നിലവിൽ സംസ്ഥാന തല കമ്മിറ്റി കൂടി 292 സംരംഭകരെ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തിരഞ്ഞെടുത്ത സംരംഭകർ വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയതിനു ജില്ലാ തല കമ്മിറ്റികളിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതും ഉണ്ട്. നിലവിൽ 88 സംരംഭകർ വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ടിനുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും അതിൽ 44 സംരംഭകർക്കു വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ടിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 26 സംരംഭകർ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നൽകുന്ന ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' (2851-00-102-07(04))**

പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക/ബഡ്ജറ്റ് പുന: ക്രമീകരണത്തിന് ശേഷമുള്ള തുക (കോടിയിൽ) | ചെലവഴിച്ച തുക (കോടിയിൽ ) | ചെലവഴിച്ച തുക (ശതമാനാടിസ്ഥാനത്തിൽ) |
|---|---|---|---|
| 2022-23 | 0.60 | 0.4204 | 70 % |
| 2023-24 | 4 | 2.5602 | 64.0 1% |
| 2024-25 (as on 13/3/2025) | 1.5 | 1.47865 | 98.5 % |

**സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി 2851-00-102-07 (03)**

സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് ഇനത്തിൽ 2851-00-102-07 (03) (Special Package scheme for Micro, Small and Medium Enterprises - XXXVII ) PIE എന്ന ബജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം മുതൽ

നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും, വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു എന്നും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | സാമ്പത്തിക വർഷം | ബഡ്ജറ്റ് outlay (Lakhs) | അനുവദിച്ച തുക (Lakhs) | വിനിയോഗിച്ച തുക | % of Expenditure | Re-appropriation Amount | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|---|---|---|
| Special Package scheme for Micro, Small and Medium Enterprises (PIE) 2851-00-102-07 (3) | 2022-23 | 132 | 700 | 0 | 0% | 56800000 | 13200000 |
| | 2023-24 | 1000 | 1000 | 0 | 0% | 0 | 1000 |
| | 2024-25 | 1000 | 1000 | 0 | 0% | 0 | |

സാമ്പത്തിക വർഷം - 2022-23

| ക്രമ നം | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| 1 | Assistance for Export promotion of existing MSMEs - 2851-00-102-07 (02) | Rs 230 lakhs | 0 | 0 |
| 2 | Establishment of Local Market Infrastructure for MSMEs - 2851-00-102-07 (05) | Rs 700 lakh | 0 | 0 |

സാമ്പത്തിക വർഷം - 2023-24

| | | | | |
|---|---|---|---|---|
| 1 | Assistance for Export promotion of existing MSMEs - 2851-00-102-07 (02) | Rs 250 lakhs | 0 | 0 |
| 2 | Establishment of Local Market Infrastructure for MSMEs - 2851-00-102-07 (05) | Rs 100 lakh | 0 | 0 |

സാമ്പത്തിക വർഷം - 2024-25

| | | | | |
|---|---|---|---|---|
| | Establishment of Local Market Infrastructure for MSMEs - 2851-00-102-07 (05) | Rs 1 lakh | 0 | 0 |

2022-23 സാമ്പത്തിക വർഷമാണ് സ്പെഷ്യൽ പാക്കേജ് പദ്ധതി ആരംഭിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അനുയോജ്യമായ അപേക്ഷകൾ ലഭിച്ചിരുന്നില്ല. ആയതിനാൽ ഫണ്ട് ചെലവായിരുന്നില്ല.

"മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' (2851-00-102-07(06)) പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ